സ്സിൽ വിനോദസിംഹ് പ്രതിയായി. ഈ കേസ്സിൽ ഇന്നോളം അയാൾ കോടതിയിൽ ഹാജരായില്ല. അയാളുടെ പേരിലുള്ള മററൊരു കേസ്സ് ഒരു ഇരട്ടക്കൊലപാതകമാണ്. 1969-ൽ ബിശ്രാംപൂർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത വേറെ ഒരു കേസ്സിൽ, വിനോദസിംഹ് തൻെറ എതിരാളിയെ വെട്ടി നുറുക്കി, ശരീരം തീയിൽ വറുത്തുകളഞ്ഞതായി ആരോപിച്ചിരുന്നു.

വളരെയധികം ഭൂമി ഈ എം.എൽ.എ. അപഹരിച്ചിട്ടുള്ളതായി പലാമൗ പോലീസ് പറയുന്നു. താൻ പ്രതിയായ പല ക്രിമിനൽ കേസ്സുകളിലും വാദിഭാഗം സാക്ഷികളെ ഭീഷണിപ്പെടുത്തിയെന്ന ആരോപണവും വിനോദസിംഹൻെറ പേരിലുണ്ട്.

നമ്മുടെ ജനാധിപത്യത്തിൻെറ 'ക്വാളിററി' എന്തെന്ന് ഈ എം. എൽ.എ. മാർ ഉദാഹരിക്കുന്നു. 'ഇതൊക്കെ അങ്ങു ബീഹാറിലല്ലേ? കേരളത്തിൽ ഒരിക്കലും ഇതു സംഭവിക്കില്ല' എന്നാവാം അധികം വായനക്കാരുടെയും പ്രതികരണം. ശുഭപ്രതീക്ഷാശീലം നല്ലതുതന്നെ.

പക്ഷേ, എന്തുകൊണ്ടോ. എൻെറ ശുഭപ്രതീക്ഷാശീലം നാൾതോറും കുറഞ്ഞുകുറഞ്ഞുവരികയാണ്.

## 36. ജനങ്ങളുടെ ജീവന് രക്ഷ നൽകുക!

ഉത്തർപ്രദേശിലെ മൈൻപുരി ജില്ലയിലുള്ള ദേവലി ഗ്രാമത്തിൽ ഇരുപത്തിനാലു ഹരിജനങ്ങൾ നവംബർ അവസാനവാരത്തിൽ വെടിവെച്ചു കൊല്ലപ്പെട്ടു. നിലമുടമകളായ ഠാക്കൂർമാരുമായി കൂലി സംബന്ധിച്ചുണ്ടായ തർക്കത്തിൻെറ പരിണാമമായിരുന്നുവത്രേ ഈ കൂട്ടക്കൊല. സ്വാഭാവികമായും പാർലമെൻറിൻെറ ശീതകാലസമ്മേളനത്തിൽ ഈ സംഭവം ചർച്ചാവിഷയമായി. ശക്തിമത്തായ വികാരങ്ങൾ പ്രകടിപ്പിക്കപ്പെട്ടു. ഉയർന്ന സമുദായക്കാരുടെ കൈയിൽ എത്ര തോക്കുകളുണ്ടോ അത്രയും തോക്കുകൾക്ക് ലൈസൻസുകൾ ഹരിജനങ്ങൾക്കു നൽകുന്നതിനെപ്പററി കേന്ദ്രഗവണ്മെൻറ് ആലോചിച്ചുവരുകയാണെന്ന് ആഭ്യന്തരമന്ത്രി മി. സെയിൽസിങ് നവംബർ 24-ാം തീയതി പാർലമെൻറിൽ പ്രസ്താവിച്ചു.

തോക്കുകൾ ഹരിജനങ്ങൾക്കു മാത്രം കൊടുത്താൽ മതിയോ? മററു ന്യൂനപക്ഷക്കാരെപ്പററി എന്തു പറയുന്നു? ഉദാഹരണത്തിനു മുസ്ലീങ്ങളെ എടുക്കുക. ബീഹാറിലെ നാളന്ദാ ജില്ലയിൽ അടുത്തു നടന്ന കൂട്ടക്കൊലകൾ നാം മറക്കാറായോ? അവിടെ മരിച്ചതു് അധികവും മുസ്ലീങ്ങളല്ലേ? അവർക്കും കൊടുക്കണ്ടേ തോക്ക്? പഞ്ചാബിൽ നടന്നുകൊണ്ടിരിക്കുന്ന കൊലകളുടെ കാര്യമോ? അവിടെ സിഖ് തീവ്രവാദത്തിനു മുമ്പിൽ ജീവൻ ബലികഴിക്കേണ്ടി വരുന്നതു് ഉയർന്ന ജാതികളിൽപ്പെട്ട ഹിന്ദുക്കൾക്കും നിരങ്കാരി സിഖുകാർക്കുമല്ലേ? അവർക്കും തോക്കു കൊടുക്കേണ്ടതില്ലേ? ഇനി, ഇവിടെ കേരളത്തിലെ സ്ഥിതി എന്താണ്? മകൊമ്പിൽ മരിച്ചതു് മാർക്സിസ്റ്റുകാരാണെങ്കിൽ മാർക്സിസ്റ്റുകാർക്കും തോക്കു കൊടുക്കേണ്ടതില്ലേ? ആർ.എസ്.എസ്സുകാരെ ഒഴിവാക്കാമോ? അവരുടെ ചോരയും ഈ മണ്ണിൽ ചിന്തിയിട്ടില്ലേ? തോക്ക് അവർക്കും ഇരിക്കട്ടെ!

ബ്രിട്ടീഷ് ഗവണ്മെൻറിനു് എതിരെ കോൺഗ്രസ് നടത്തിവന്ന പ്രക്ഷോഭണത്തിലെ മുഖ്യമായ ഒരു ആരോപണം, ആയുധം ധരിക്കാനുള്ള ഇന്ത്യക്കാരുടെ അവകാശം എടുത്തുകളഞ്ഞു് ബ്രിട്ടീഷ് ഗവണ്മെൻറ് നമ്മെ പൗരുഷം കെട്ട ഒരു ജനതയാക്കിത്തീർത്തുവെന്നതായിരുന്നു. ആയുധധാര

ണത്തിനുള്ള അവകാശത്തിന്മേൽ കോൺഗ്രസ് സംഘടന ഊന്നൽ നൽകിയത് മഹാത്മാഗാന്ധി രംഗത്തു വന്നതിനു ശേഷമാണ്. ആത്മബലമില്ലാത്തവന് ആയുധം പ്രയോജനപ്പെടുകയില്ലെന്ന് മഹാത്മാഗാന്ധിക്ക് അറിയാമായിരുന്നു. ആത്മബലം ഉള്ളവനാകട്ടെ ആയുധത്തിന്റെ ആവശ്യവുമില്ല. ഈ ഗാന്ധിയൻ പൈതൃകത്തിന്റെ ഫലമായിട്ടാണ് നമ്മുടെ ഭരണഘടനയിൽ മൗലികാവകാശങ്ങളെപ്പററി പറയുന്നിടത്ത് ആയുധധാരണത്തിനുള്ള അവകാശം ഉൾപ്പെടുത്താതിരുന്നത്, ഇനിയിപ്പോൾ, ആയുധം ധരിക്കാനുള്ള മൗലികാവകാശം കൂടെ ഇന്ത്യയിലെ എല്ലാ പൗരന്മാർക്കും നൽകപ്പെടണമോ?

ഹരിജനങ്ങൾക്ക് തോക്ക് കൊടുത്താൽ അവ ഹരിജനങ്ങളുടെ കൈയിൽത്തന്നെ ഇരിക്കുമെന്നതിന് എന്താണുറപ്പ്? ഈ ആയുധങ്ങൾ അവർ എവിടെ സൂക്ഷിക്കും? അവരുടെ കുടിലുകളിൽ ആയുധങ്ങൾ സുരക്ഷിതങ്ങളായിരിക്കുമോ? ഹരിജനങ്ങൾക്ക് ഇന്നത്തെ പരിതഃസ്ഥിതിയിൽ, തോക്ക് കൊണ്ടുനടക്കാൻ പററുമോ? അവരുടെ ശത്രുക്കൾ അവ പിടിച്ചു പറിച്ചു ഹരിജനങ്ങൾക്കെതിരായി ഉപയോഗിക്കുകയാവില്ലേ ഉണ്ടാവുക?

ഇന്ത്യയുടെ ആഭ്യന്തരമന്ത്രിയോട് നമുക്കു പറയാനുള്ളത് ഇതാണ്: ഈ നാട്ടിലെ പാവപ്പെട്ടവർക്ക് ആവശ്യം ആയുധമല്ല രക്ഷയാണ്. അവർക്കു രക്ഷ നൽകുക! രക്ഷ നൽകേണ്ടത് സർക്കാരിന്റെ ചുമതലയാണ്., ജനങ്ങൾക്കു ജീവരക്ഷ നൽകാത്ത സർക്കാരിന് ഭരിക്കാൻ അവകാശമില്ല. ജനങ്ങളെ രക്ഷിക്കാൻ നിങ്ങൾക്ക് ആവില്ലെങ്കിൽ, എത്രയും വേഗം അധികാരം വിട്ടൊഴിഞ്ഞു പുറത്തുപോവുക!

കൂടുതൽ ആളുകൾക്കു തോക്കു നൽകുന്നതിനെപ്പററി സർക്കാർ ആലോചിക്കുകയാണത്രേ. തോക്കു നൽകുകയല്ല, ഉള്ള തോക്കുകൾ പിടിച്ചെടുക്കുകയാണു ചെയ്യേണ്ടതെന്ന് ആർക്കാണ് അറിയാത്തത്! റൗഡികളും കരിഞ്ചന്തക്കാരും കള്ളക്കടത്തുകാരും വ്യാജ വാററുകാരും എല്ലാം ഉൾക്കൊള്ളുന്ന ഒരു പുതിയ വർഗമാണല്ലോ ഇന്നു നമ്മുടെ ഇടയിൽ അധികാരം കൈയടക്കി വാഴുന്നത്. ഈ വർഗത്തിൽപ്പെട്ട ആരുടെ കൈയിലാണ് തോക്കില്ലാത്തത്? ലൈസൻസില്ലാതെ കൈവശം വെച്ചിരിക്കുന്ന കള്ളത്തോക്കുകൾക്കു പുറമേ, സർക്കാരിനു പണം കൊടുത്ത് ലൈസൻസ് സമ്പാദിച്ച് വാങ്ങിവെച്ചിരിക്കുന്ന തോക്കുകളും എമ്പാടുമുണ്ട്. വ്യക്തിപരമായ പകവീട്ടലിനു വേണ്ടിയും, കൊള്ളയടിക്കുന്നതിനും, രാഷ്ട്രീയങ്ങളും സാമുദായികങ്ങളുമായ സംഘട്ടനങ്ങളിലും, എല്ലാം, ഈ ആയുധങ്ങൾ ഉദാരമായി ഉപയോഗിക്കപ്പെടുകയും ചെയ്യുന്നു.

സർക്കാരിന് കഴിവുണ്ടെങ്കിൽ, ഈ ആയുധങ്ങൾ പിടിച്ചെടുക്കട്ടെ. കക്ഷിഭേദമോ ജാതിഭേദമോ മതഭേദമോ ഇവിടെ പരിഗണിക്കേണ്ടതില്ല. ദേവലി ഗ്രാമത്തിൽ നടന്നതുപോലുള്ള കൂട്ടക്കൊലകൾ ഇല്ലാതാക്കുവാനല്ലെങ്കിൽ കുറയ്ക്കുവാനെങ്കിലും ഈ നടപടി ഉപകരിക്കും.

അനധികൃതമായി (അധികൃതമായും) സാമൂഹ്യവിരുദ്ധർ കൈവശം വെച്ചിട്ടുള്ള ആയുധങ്ങൾ പിടിച്ചെടുത്തതുകൊണ്ടു മാത്രമായില്ല. അക്രമികളെ പിടിച്ച് മാതൃകായോഗ്യമായി ശിക്ഷിക്കുകയും വേണം. ഇന്ന് ഇന്ത്യയിൽ എവിടെയാണ് മനുഷ്യന് ഭയംകൂടാതെ സഞ്ചരിക്കാൻ സാധിക്കുക? തീവണ്ടിയിലെ ഒന്നാം ക്ലാസ്സിൽവെച്ചാണല്ലോ നവംബർ 21-ാംതീയതി ഫ്ളൈററ് ലെഫ്ടനൻറ് ശേഖർ കൊല്ലപ്പെട്ടത്. അതു് ഉത്തർപ്രദേശിൽ, കാൺപൂരിനടുത്തുവെച്ചായിരുന്നു. ഉത്തർപ്രദേശ്, മദ്ധ്യപ്രദേശ്, ബീഹാർ എന്നീ സംസ്ഥാനങ്ങളിൽ വ്യവസ്ഥാപിത ഭരണമില്ലാതായിട്ട് വർഷങ്ങളായി. ഒന്നു മാററിപ്പറഞ്ഞാൽ അവിടങ്ങളിലെ സാധാരണ ജനങ്ങൾക്ക് ജീവരക്ഷ നൽകുവാൻ വ്യവസ്ഥാപിതഭരണത്തിന്

സാധിക്കാതായിട്ട് ഏറെക്കാലമായി. ഇതിനർത്ഥം മററു സ്റ്റേററുകളിൽ ജീവന് രക്ഷയുണ്ടെന്നല്ല. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ സ്ഥിതി ആലോചിക്കുക. താരതമ്യേന ഏററവും ഭേദമായ കേരളത്തിലെ നില നമുക്ക് അറിയാമല്ലോ. തെമ്മാടികൾക്ക് എവിടെയും അഴിഞ്ഞാടാമെന്ന ഇന്നത്തെ സ്ഥിതി ഇന്ത്യയിലെങ്ങും അവസാനിക്കുകതന്നെ വേണം.

ആദ്യം ജനങ്ങൾക്കു ജീവരക്ഷ നൽകുക. സോഷ്യലിസവും കമ്യൂണിസവും സർവോദയവും മററ് അനർഘലാനുഗ്രഹങ്ങളും എല്ലാം പിന്നെ മതി. സർക്കാരിൻെറ പ്രാഥമിക കർത്തവ്യം ജനങ്ങളുടെ ജീവൻ രക്ഷിക്കലാണ്. ആ കർത്തവ്യം നിറവേററുന്നതിലാണ് ഇന്ത്യയിലെ സംസ്ഥാന സർക്കാരുകൾ, ഏററവും കറഞ്ഞും പരാജയപ്പെട്ടിരിക്കുന്നത്.

ബ്രിട്ടീഷ് ഭരണം ഇന്ത്യയിൽ വേരുറയ്ക്കാൻ തുടങ്ങിയ കാലത്തും സ്ഥിതി മിക്കവാറും ഇന്നത്തേതുതന്നെയായിരുന്നു. മുഗൾവാഴ്ചയുടെ തകർച്ചയെത്തുടർന്ന് നിയമരാഹിത്യം വ്യാപകമായിരുന്നു. കൊള്ളക്കാരുടെ സംഘങ്ങൾ ധാരാളമായിരുന്നു. മതത്തിൻെറ പേരിൽ മനുഷ്യക്കുരുതി നടത്തിയിരുന്ന ഠഗ്ഗുകളും പിണ്ഡാരികളും സമാധാന ജീവിതത്തിനു വലിയ ഭീഷണിയായിരുന്നു. യാത്രപോയവർ തിരികെ വരുമെന്ന് ഒരുറപ്പും ഉണ്ടായിരുന്നില്ല.

കർശന നടപടികൾകൊണ്ട് ആദ്യകാലത്തെ ബ്രിട്ടീഷ് ഭരണാധികൃതർ ഈ ദുരവസ്ഥയ്ക്ക് പരിഹാരം ഉണ്ടാക്കി. കൊള്ളക്കാരെ അവർ നിരായുധീകരിച്ചു. ഠഗ്ഗുകളെയും പിണ്ഡാരികളെയും തുടർന്നു പിടികൂടി സംക്ഷിപ്ത വിചാരണ നടത്തി. കുററക്കാരെ അടുത്തു കണ്ട മരത്തിൽ തൂക്കി. ദൈവദത്തമായ ഒരനുഗ്രഹംപോലെ ജനങ്ങളിൽ ഭൂരിഭാഗവും ബ്രിട്ടീഷ് ഭരണത്തെ സ്വാഗതം ചെയ്തു. ഒരു പിടി ഇംഗ്ലീഷുകാർക്ക് ഒന്നര നൂററാണ്ടുകാലം ഈ മഹാരാജ്യം ഭരിക്കാൻ കഴിഞ്ഞതിൻെറ കാരണമന്വേഷിച്ച് മറെറങ്ങും പോകേണ്ടതില്ല. അവർ ജനങ്ങളുടെ ജീവനു രക്ഷ നൽകി.

ഇന്ന് നാട്ടിലെങ്ങും ഠഗ്ഗുകളും പിണ്ഡാരികളും നിറഞ്ഞിരിക്കുന്നു. ജാതിയുടെ പേരിൽ, മതത്തിൻെറ പേരിൽ, ഭാഷയുടെ പേരിൽ, പ്രദേശത്തിൻെറ പേരിൽ, രാഷ്ട്രീയതത്വശാസ്ത്രങ്ങളുടെ പേരിൽ, അവർ ജനങ്ങളെ കൊള്ളയടിക്കുന്നു. പോരാഞ്ഞ്, കുത്തിയും വെടിവെച്ചും ജനങ്ങളെ കൊല്ലുന്നു. പരിഷ്കൃത വേഷം ധരിച്ച ഈ ഠഗ്ഗുകളെയും പിണ്ഡാരികളെയും അമർച്ചചെയ്യാൻ കഴിയുന്നില്ലെങ്കിൽ, ഗവണ്മെൻറിന്, ഏതു പാർട്ടിയുടെ ഗവണ്മെൻറായാലും, ഇവിടെ ഭരിക്കാൻ അവകാശമില്ല.

മൗലികമായ, ലളിതമായ ഈ സത്യം ഇന്ത്യയിലെ ഗവണ്മെൻറുകൾ സംസ്ഥാനഗവണ്മെൻറുകളും, കേന്ദ്രഗവണ്മെൻറും മനസ്സിലാക്കട്ടെ!

# 37. കന്നഡം കർണ്ണാടകത്തിൽ

ഭരണത്തിൽ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പിക്കുന്നതിനുവേണ്ടി ജനങ്ങളുടെ ഭാഷയിലൂടെ ഭരണം നടത്തുകയെന്നതു് ജനാധിപത്യത്തിൻെറ അസ്തിവാരമാണ്. മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് ഭാഷാ—അടിസ്ഥാനത്തിൽ കെട്ടിപ്പടുത്തതു് സ്വാതന്ത്ര്യ പ്രസ്ഥാനത്തിൽ ഇന്ത്യൻ ജനത മുഴുവൻ പങ്കെടുക്കണമെന്ന ഉദ്ദേശ്യത്തോടെയായിരുന്നു. സ്വാതന്ത്ര്യം ലഭിച്ചാൽ ഭാഷാ—അടിസ്ഥാനത്തിൽ ഇന്ത്യയിലെ സംസ്ഥാനങ്ങളെ പുനസ്സംഘടിപ്പിക്കുമെന്നും, സംസ്ഥാനങ്ങളി